# അവിശുദ്ധം, ബർബരീയം*

-----------------------------------------------------

(ഡോ.ജോയ്.ടി.കുഞ്ഞാപ്പുവിന്റെ കവിതകളേപ്പറ്റി ഒരു കുറിപ്പ്)

------------------------------------------------------------

ഡോ.കെ.ആർ.ടോണി.

-----------------------------------------------------

ഡോ.ജോയ്.ടി.കുഞ്ഞാപ്പുവിന്റെ 'അക്ഷരത്താഴിന്റെ നഷ്ടപ്പെട്ട ചാവികൾ' എന്ന കവിതാസമാഹാരം വായിച്ചപ്പോൾ എനിക്ക് കവിയെ ഒരു 'ഫ്രീക്' എന്നു വിളിക്കാനാണ് ആദ്യം തോന്നിയത്. എന്നാൽ സാഹിത്യപ്രസ്ഥാനപരമായി കൂടുതൽ ആലോചിച്ചപ്പോൾ ഈ കവിയെ ഒരു 'ബർബര'പ്പടയാളി എന്നല്ലേ വിശേഷിപ്പിക്കേണ്ടത് എന്നുതോന്നി. ദാദായിസത്തിൽ മുഖം കാട്ടിയത് ബർബരനല്ലേ എന്നും തോന്നി.മെഡിറ്ററേനിയൻ നാഗരികത നിലനിന്ന ഗ്രീസിന്നും റോമിന്നും പുറത്തുള്ള ആരെയായാലും സംസ്കാരമില്ലാത്തവരെന്നു നിർദ്ദേശിക്കാൻ റോമാക്കാരുപയോഗിച്ച പദമാണ് 'ബർബരൻ'.(barbarian) അങ്ങനെ ഫ്രാങ്ക്,സാക്സൺ,ബർഗണ്ടിയർ തുടങ്ങിയ ജർമ്മാനിക് വിഭാഗങ്ങളെല്ലാം ബർബരരിൽ പെട്ടു.ക്രി.പി.4-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇവരെ പട്ടിണിയും ജനസംഖ്യാവർദ്ധനവും വല്ലാതെ അലട്ടി.ഒടുവിൽ അവർ ഭയങ്കരലഹളയുണ്ടാക്കി.യുദ്ധത്തിനിറങ്ങിത്തിരിച്ചു.മെഡിറ്ററേനിയൻ നാഗരികലോകം മുഴുക്കെ കിടുകിടാ വിറപ്പിച്ചു.അസംഘടിതവും അവിചാരിതവുമായാണ് ബർബരർ ആക്രമണങ്ങൾ അഴിച്ചുവിട്ടത്. കോൺസ്റ്റാന്റിനോപ്പിളും മെസിഡോണിയയും ഇറ്റലിയും റോമും സ്പെയിനും അവർ പിടിച്ചെടുത്തു.ബാൾക്കൻ പ്രദേശങ്ങൾ ജനശൂന്യമാക്കി!

നാഗരികത ലക്ഷ്യമാക്കി എപ്പോൾ വേണമെങ്കിലും ലഹള പൊട്ടിപ്പുറപ്പെടാം എന്നതാണ് ബർബരാക്രമണങ്ങൾ നൽകുന്ന അതിലളിതമായ പാഠം! കലയിലും അങ്ങനെ സംഭവിക്കാം! ഈ നൂറ്റാണ്ടിന്റെ ആദിയിൽ, യൂറോപ്യൻ കലാരംഗത്തു ബർബരൻ അരങ്ങു തകർക്കുകയുണ്ടായി. അതിന്റെ ലക്ഷണമൊത്ത നേട്ടമാണ് ദാദായിസ്റ്റു പ്രസ്ഥാനം. ഒന്നാം ലോകയുദ്ധത്തിന്റെ മധ്യത്തിൽ ഏതാനും യുദ്ധകാലാഭയാർത്ഥികളിൽ നിന്ന് ഇത് നാമ്പെടുത്തു. സൂറിച്ച് നഗരത്തിൽവെച്ച് നാഗരികരുടെ സുഖവാസതൃഷ്ണയെയും ആലസ്യത്തെയും ക്രൂരമായ ഒരു പുതിയതരം കാബറേ നർത്തനം വഴി ദാദായിസ്റ്റുകൾ അങ്കലാപ്പിലാക്കി.കവികൾപാടി, അവർതന്നെ പെരുമ്പറ മുഴക്കി. അധിക്ഷേപവും ആക്ഷേപഹാസ്യവും കത്തിമുന പോലെ തിളങ്ങി.ഉന്നത സമൂഹമൂല്യങ്ങളും കലാമൂല്യങ്ങളും ധിക്കരിക്കപ്പെട്ടു. നിരൂപണത്തിന്റെ ഭാഷയിൽ പറഞ്ഞാൽ,ദാദായിസത്തിൽ മുഖംകാട്ടിയത് ബർബരന്റെ ബിംബമാണ്.

എഴുപതുകളിൽ മലയാള കവിതയിലും ബർബരൻ മുഖം കാട്ടുകയുണ്ടായി. എൻ.എൻ.കക്കാടിന്റെ 'പട്ടിപ്പാട്ട്', 'ചെറ്റകളുടെ പാട്ട് ' , 'കഴുവേറിപ്പാച്ചന്റെ പാട്ടുകഥ', 'രാമായണംകളി' തുടങ്ങിയ കവിതകൾ ഈ വഴിക്കുള്ള ശ്രമങ്ങളായിരുന്നു.അതിനു മുന്നേ അയ്യപ്പപ്പണിക്കരുടെ 'എന്റെ ഭിത്തിമേൽ', 'ഉണ്ടൊരു തുള്ളി' തുടങ്ങിയ ചില കവിതകളിലും ബർബരത്വം ഉണ്ട്.എം.ഗോവിന്ദനിലും കുറച്ച് ഉണ്ട്. പിന്നീട് ജോസ് വെമ്മേലിയും ഈ വഴി മുന്നോട്ടുപോയി.പുതുതലമുറയിൽ സി.എസ്.ജയചന്ദ്രനും ഈ മട്ടിലുള്ള കവിതകളെഴുതിയിട്ടുണ്ട്. സിനിമാരംഗത്ത് ജോൺ അബ്രാഹവും അനുയായികളും. എങ്കിലും എണ്ണത്തിൽ വളരേ കുറവേ ഇവർ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഞാൻ നോക്കുമ്പോൾ കാണുന്നു-ഇവരുടെ വംശം കുറ്റിയറ്റു പോയിട്ടില്ല. ഇതാ ജോയ് ടി. കുഞ്ഞാപ്പു എന്ന കവി-തനി ബർബരപ്പടയാളി! ഒറ്റയാൾ പട്ടാളം! അതും അമേരിക്കൻ നഗരകാന്താരത്തിൽ! നാഗരികതയിൽ അതു സംഭവ്യമാണെന്നു നേരത്തപ്പറഞ്ഞു. ലക്ഷണമൊത്ത കലാപകാരിയാണ് ബർബരൻ.

രൂപപരമായി പരമ്പരാഗത സൗന്ദര്യസങ്കല്പങ്ങളെ പിൻപറ്റുകയില്ല ഇത്തരം കവിതകൾ.ഗുണമായാലും ദോഷമായാലും അത് ഇത്തരം കവിതകളുടെ സ്വഭാവമാണ്.ഭാവത്തിലാണ് അവ മനസ്സിലാക്കപ്പെടേണ്ടത്. അത് മനസ്സിലാക്കാൻ പ്രാപ്തിയുള്ളവർക്കേ അവ രുചിക്കുകയുമുള്ളൂ. ജോയ് ടി കുഞ്ഞാപ്പുവിന്റെ കവിതകൾ ഇങ്ങനെ മനസ്സിലാക്കപ്പെടേണ്ടതുണ്ട്. അനായാസമായി ഭാഷ ഒഴുകിവരുകയാണ് അദ്ദേഹത്തിന്റെ കവിതകളിൽ! കടിഞ്ഞാണില്ലാത്ത ചിന്താരീതിയുടെ

സ്വാഭാവികമായ ആവിഷ്കാരം അങ്ങനെയേ സാധ്യമാകൂ എന്നു തോന്നുന്നു.ഇതുവരെ ആരും പ്രയോഗിച്ചിട്ടില്ലാത്ത തരം സമസ്തപദച്ചേരുവകൾ കുഞ്ഞാപ്പുക്കവിതകളിൽ കാണാം: 'എല്ലുസംയോജനവിദഗ്ദാശ്രമം','മസ്തിഷ്കക്കോശപ്പഴക്കപ്പുരാണം', 'സുരാമൃതനവശൈശവദീപ്തി','ഘടനാവൈചിത്ര്യമാസ്മരലിഖിതം' , 'യൗവ്വനത്തിമിർപ്പിൻത്തുടിപ്പിൻ കരിങ്കാടുകൾ', 'സുഭാഷിതസുകൃതമഞ്ജരി', 'ജ്ഞാനപീഠഭൂമിക്കച്ചാരം കൊടുക്കുന്നു' തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം! ആക്ഷേപഹാസ്യം മലയാളത്തിനു പുതുമയല്ല. എന്നാൽ ‘മനംപിരട്ട്’ലുണ്ടാക്കുന്ന പ്രയോഗങ്ങളോടുകൂടിയ രൂക്ഷപരിഹാസവും വിമർശനവുമാണ് കുഞ്ഞാപ്പുവിന്റേത്.സമസ്തലോകത്തെയും സമസ്ത സന്ദർഭങ്ങളെയും അതു വിമർശനവിധേയമാക്കുന്നു. മറവുകൂടാതെ ലൈംഗികതയടക്കമുള്ള പ്രമേയങ്ങൾ എഴുതുന്നു.ആദർശപ്രേമം ഇല്ല! വ്യത്യസ്തമായ രൂപനിർമ്മിതികൾ! നിർമ്മിതികളേക്കാൾ പരീക്ഷണങ്ങൾ! അവയെല്ലാം തന്നെ വിലക്ഷണത വഹിക്കുന്നു. കവിതകൾക്കാകെയുണ്ട് വിലക്ഷണത! അവിശുദ്ധിയും! .അതുവഴി ഒരു സവിശേഷ സർഗ്ഗാത്മകവ്യക്തിത്വം, സർഗ്ഗാത്മകവേഷം അദ്ദേഹം പ്രകടമാക്കുന്നു. അത് ഇതാണ്: വലതുകൈയിൽ ഫ്രാൻസിസ്ക എന്ന യുദ്ധമഴുവേന്തിയ, ഇടതുകൈയിൽ തോൽകൊണ്ടു പൊതിഞ്ഞ വട്ടത്തിലുള്ള വലിയ മരപ്പരിചയേന്തിയ,ഇറുകിയ ഉടുപ്പിട്ട, തലപ്പാവുവെച്ച ഫ്രാങ്കു ബർബരപ്പടയാളിയുടെ വേഷം! ഇയ്യാളെ തിരുത്താനാവില്ല, തിരുത്തേണ്ടതുമില്ല! കാരണം,അവിശുദ്ധമാണ് ബർബരീയം.

------------------------------------------------------------

* ഡോ.ടി.പി.സുകുമാരനോടു കടപ്പാട്.

------------------------------------------------------------

-



കെ.ആർ.ടോണി
-------------------------
തൃശ്ശൂരിൽ ജനനം. 1984-ൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽനിന്ന് ബോട്ടണിയിൽ ബിരുദം .തുടർന്ന് ശ്രീകേരളവർമ്മ കോളേജിൽനിന്ന് മലയാളത്തിൽ രണ്ടാം റാങ്കോടെ എം.എ.ബിരുദം. മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.ഫിൽ.കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് പി.എച് ഡി. ഇംഗ്ലീഷ് ജേർണലിസത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ. നാഷ്ണൽ ബുക് ട്രസ്റ്റ് ഇൻഡ്യ ന്യൂഡൽഹിയിൽനിന്ന് ബുക് പബ്ലിക്കേഷനിൽ ട്രെയിനിങ് കോഴ്സ്. ഇപ്പോൾ ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ അധ്യാപകനായി ജോലി ചെയ്യുന്നു. കൃതികൾ: -- സമനില(1996)(തൃശ്ശൂർ കറന്റ് ബുക്സ്) അന്ധകാണ്ഡം(2003) ദൈവപ്പാതി(2006) ഓ!നിഷാദ(2011) പ്ലമേനമ്മായി(2013) (കവിതാസമാഹാരങ്ങൾ-എല്ലാം ഡി.സി.ബുക്സ്,കോട്ടയം)). യക്ഷി(ഖണ്ഡകാവ്യസമാഹാരം-അച്ചടിയിൽ-ഡി.സി.ബുക്സ്) പോരെഴുത്ത്(പഠനം-പരിധി ബുക്സ് തിരുവനന്തപുരം).സമനില എന്ന പുസ്തകത്തിന് വൈലോപ്പിള്ളി അവാർഡും കേരളസാഹിത്യഅക്കാദമിയുടെ കനകശ്രീ എൻഡോവ്മെന്റ് അവാർഡും ലഭിച്ചു. പ്ലമേനമ്മായി എന്ന പുസ്തകത്തിന് വി.ടി.കുമാരൻ അവാർഡും അയനം എ.അയ്യപ്പൻ പുരസ്കാരവും ലഭിച്ചു. ഓ!നിഷാദ എന്ന പുസ്തകത്തിന് 2013-ലെ കവിതക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. കേരളസാഹിത്യ അക്കാദമിയുടെയും കേന്ദ്രസാഹിത്യ അക്കാദമിയുടെയും ക്ഷണപ്രകാരം ഇന്ത്യയിൽ പലയിടത്തും കവിതയും പ്രബന്ധങ്ങളും അവരിപ്പിച്ചിട്ടുണ്ട്. കവിതകൾ ഇംഗ്ലീഷിലേക്കും അനേകം ഇന്ത്യൻ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും കേരളത്തിനു പുറത്തുള്ള മലയാളം പഠിപ്പിക്കുന്ന എല്ലാ യൂണിവേഴ്സ്റ്റികളിലും കവിതകൾ സിലബസ്സിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. നിരവധി ലേഖനങ്ങളും കവിതകളും ഇന്റർവ്യൂകളും മലയാളത്തിലെ മുഖ്യധാരാ ആനുകാലികങ്ങളിലും പത്രങ്ങളിലും വന്നുകൊണ്ടിരിക്കുന്നു. എൻ.ബി.ടി, കേരള-കേന്ദ്ര സാഹിത്യ അക്കാദമി എന്നിവയുടേതടക്കം മിക്ക പ്രമുഖ ആന്താളജികളിലും കവിതകൾ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. തൃശ്ശൂരിൽ താമസം. വിവാഹിതൻ. ഭാര്യ:ബിന്നി. മക്കൾ:കിരൺ, കീർത്തന.